(ഇ) തീരദേശ മാനേജ്മെന്റ് പ്ലാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്.

91 (2277) തീരദേശ നിയന്ത്രണ നിയമത്തിന്റെ വ്യവസ്ഥകൾ

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ നിയന്ത്രണ നിയമത്തിന്റെ വ്യവസ്ഥകളെപ്പറ്റിയും അതനുസരിച്ച് നിർവഹിക്കേണ്ട ചുമതലകളെപ്പറ്റിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെ ബോധവൽക്കരിക്കുന്നതിന് സംവിധാനം ഉണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; നിയമലംഘനത്തിന്റെ പേരിൽ ഈ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് എതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുയെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുവരെ എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഇവർക്കായി ബോധവൽക്കരണ പരിപാടി ആരംഭിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തീരദേശ നിയന്ത്രണ നിയമം നടപ്പാക്കുന്നതോടനുബന്ധിച്ച് തീരദേശജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, മറ്റു വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പും ഭൗമശാസ്ത്ര പഠനകേന്ദ്രവും സംയുക്തമായി താഴെ കാണിച്ചിരിക്കുന്ന തീയതികളിൽ പരിശീലനം/ബോധവൽക്കരണം നൽകിയിട്ടുണ്ട്.

1.	തിരുവനന്തപുരം ജില്ല	-	98 ഒക്ടോബർ 22,23
2.	കാസർഗോഡ് ജില്ല	-	നവംബർ 4
3.	കണ്ണൂർ ജില്ല	-	നവംബർ 5
4.	കോഴിക്കോട് ജില്ല	-	നവംബർ 6
5.	മലപ്പുറം ജില്ല	-	നവംബർ 7
6.	കൊല്ലം ജില്ല	-	നവംബർ 10
7.	കോട്ടയം ജില്ല	-	നവംബർ 11
8.	എറണാകുളം ജില്ല	-	നവംബർ 12
9.	തൃശ്ശൂർ ജില്ല	-	നവംബർ 13
10.	ആലപ്പുഴ ജില്ല	-	ഡിസംബർ 15

തീരദേശ നിയമ ലംഘനത്തിന് ഉത്തരവാദിയായ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ പേരിൽ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ബി) നാലുപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനു മുൻപ് നൽകിയിട്ടുള്ള പരിശീലന/ബോധവൽക്കരണ പരിപാടികൾ വേണ്ടിവന്നാൽ തുടർന്നും നൽകുന്നകാര്യം പരിഗണിക്കുന്നതാണ്.

92 (2278) അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള യാചകരുടെ ശല്യം തടയുന്നതിന് നടപടി

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ.പി.എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയൽ സംസ്ഥാനങ്ങളിൽനിന്നും വളരെയധികം യാചകർ കേരളത്തിലേയ്ക്ക് കടക്കുന്നത് തടയുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടോ;

(ബി) സംസ്ഥാനത്ത് യാചക നിരോധനം കർശനമാക്കാനും അന്യ സംസ്ഥാനങ്ങളിൽനിന്നും യാചകർ കടന്നു വരാതിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. അയൽ സംസ്ഥാനങ്ങളിൽനിന്ന് നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരുന്ന യാചകരാണ് ഇവിടെ അധികമായി കാണുന്നത്. പോലീസ് സഹായത്തോടെ ഇവരെ അതിർത്തിയിൽ വച്ചു തന്നെ പിടികൂടി തിരികെ അയയ്ക്കുന്നുണ്ട്. കൂടാതെ ഉത്സവ സ്ഥലങ്ങളിലും മറ്റും യാചകരുടെ ശല്യം ഒഴിവാക്കുന്നതിനായി അതാതു പ്രദേശങ്ങളെ ബന്ധപ്പെട്ട പ്രദേശങ്ങളിൽ നിലവിലുള്ള യാചക നിരോധനനിയമങ്ങൾ പ്രകാരം യാചക നിരോധന മേഖലകളായി പ്രഖ്യാപിച്ച് യാചക ശല്യം നിരോധിക്കുന്നുണ്ട്.

93 (2279) പ്രീ-ഡിഗ്രി ബോർഡുമായി ബന്ധപ്പെട്ട കമ്മിഷനുകൾ

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-ഡിഗ്രി ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട് ആരെയെല്ലാം അന്വേഷണ കമ്മിഷനുകളായി നിയമിച്ചിട്ടുണ്ട്;

(ബി) ജസ്റ്റീസ് കെ. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ജസ്റ്റീസ് നരേന്ദ്രൻ കമ്മിഷനുവേണ്ടി എന്തുതുക ചെലവഴിച്ചു എന്ന് അറിയിക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly